## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3924

19.03.2018-ൽ മറുപടിയ്ക്ക്

### കേരള ഭൂനികുതി നിയമപ്രകാരം നികുതി സ്വീകരിക്കുന്നതിലെ പരാതി

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) 1961 ലെ കേരള ഭൂനികുതി നിയമത്തിന് വിരുദ്ധമല്ലാത്ത എല്ലാ കേസുകളിലും ഭൂനികുതി വാങ്ങണമെന്ന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) കോടതി/സർക്കാർ/അപ്പലേറ്റ് സ്റ്റേ നിലനിൽക്കുന്ന കേസുകൾ ഒഴികെയുള്ള എല്ലാ കേസുകളിലും നികുതി പിരിയ്ക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പല വില്ലേജാഫീസർമാരും ഭൂനികുതി സ്വീകരിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഭൂനികുതി സ്വീകരിക്കുന്നതിലെ പരാതികൾ എല്ലാമാസവും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) അവലോകനയോഗം നടത്തി ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടിക്രമം നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ

RG